**DDDKER/3189/2024-G2**

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം
തീയതി - 10-09-2024

## സർക്കുലർ നമ്പർ-49/2024

വിഷയം- ക്ഷീരവികസന വകുപ്പ്- ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് 2023-24 വർഷത്തെ ബോണസ് നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന - 1. സർക്കാർ ഉത്തരവ്(അച്ചടി) നം.63/2024 /LBR തീയതി 05-09-2024
2. സഹകരണ സംഘം രജിസ്ട്രാറുടെ 08.09.2024ലെ RCS/8982/2024-EM(1) (സർക്കുലർ നമ്പർ -22/2024)

ക്ഷീരവികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ക്ഷീരസഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് 2024-വർഷത്തിൽ നൽകേണ്ട ബോണസ് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

1. എല്ലാ ക്ഷീരസഹകരണ സംഘങ്ങളും ലാഭനഷ്ടം നോക്കാതെ ജീവനക്കാർക്ക് 2023-24 വർഷത്തെ മൊത്തം വാർഷിക വേതനത്തിന്റെ 8.33%, മാസവേതനം പരമാവധി 7000/-രൂപ (ഏഴായിരം രൂപ മാത്രം) എന്ന തോതിൽ കണക്കാക്കി, ബോണസ് നൽകേണ്ടതാണ്.
2. 2023-24 വർഷത്തെ കണക്കനുസരിച്ച് ബോണസ് ആക്ടിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം മതിയായ സംഖ്യ വിഭജിക്കാവുന്ന മിച്ചം (Allocable Surplus) ഉള്ള സംഘങ്ങൾ 7000/- രൂപ വരെ മാസവേതനമുള്ള ജീവനക്കാർക്ക് വാർഷിക വേതനത്തിന്റെ 20%-ൽ അധികരിക്കാത്ത സംഖ്യ

ബോണസ് ആയി നൽകാവുന്നതാണ്.

3. നിബന്ധന 2- ൽ പറഞ്ഞ പ്രകാരം വിഭജിക്കാവുന്ന മിച്ചമുള്ള (Allocable Surplus) സംഘങ്ങൾ 7000/- രൂപയ്ക്ക് മേൽ മാസവേതനമുള്ള ജീവനക്കാർക്ക്, മാസവേതനം 7000/- രൂപ എന്ന് കണക്കാക്കി, ആയതിന്റെ 20%-ൽ അധികരിക്കാത്ത സംഖ്യ ബോണസ് ആയി നൽകാവുന്നതാണ്.
4. മേൽ ഖണ്ഡിക 2-ൽ പരാമർശിച്ച പ്രകാരം ബോണസ് നൽകുന്ന ക്ഷീരസഹകരണ സംഘങ്ങൾ വിഭജിക്കാവുന്ന മിച്ചത്തിൽ (Allocable Surplus) അധികരിച്ച സംഖ്യ ബോണസ് നൽകുവാൻ പാടില്ല.
5. വിഭജിക്കാവുന്ന മിച്ചം (Allocable Surplus) ഇല്ലാതിരിക്കുകയും അതേ സമയം 2023-24 വർഷത്തെ കണക്ക് പ്രകാരം നിയമാനുസൃതമായ എല്ലാ റിസർവ്വുകളും വകയിരുത്തിയ ശേഷം അറ്റലാഭം ഉള്ള സംഘങ്ങൾ അറ്റലാഭത്തിന്റെ 40%-ൽ അധികരിക്കാത്ത സംഖ്യ വരത്തക്കവിധമുള്ള തോതിൽ രണ്ടും മൂന്നും നിബന്ധനകളിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം ജീവനക്കാരുടെ മാസവേതനം ക്ലിപ്തപ്പെടുത്തി ബോണസ് നൽകാവുന്നതാണ്.
6. അപെക്സ് സംഘം, മേഖലാ യൂണിയനുകൾ, കൺകറന്റ് ആഡിറ്ററുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കണക്കാക്കുന്ന വിഭജിക്കാവുന്ന മിച്ചവും (Allocable Surplus),2023-24 വർഷത്തെ അറ്റലാഭവും, അതാത് സ്ഥാപനങ്ങളിലെ കൺകറന്റ് ആഡിറ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും, ആയതിൻ പ്രകാരമാണ് ബോണസ് നൽകുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
7. നിയമപരമായി സൂക്ഷിക്കേണ്ട കരുതലുകൾക്ക് ആവശ്യമായ തുക വകയിരുത്താതെ ലാഭനഷ്ട കണക്കിൽ കൃത്രിമമായി ലാഭം കാണിക്കുകയും, ടി ലാഭത്തിന്റെ അടിസ്ഥാനത്തിൽ ബോണസ് അധികമായി നൽകാനിടയാവുകയും ചെയ്യുന്ന പക്ഷം അപ്രകാരം അധിക തുക നൽകിയതിനുള്ള ഉത്തരവാദിത്തം അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവിനും, ഭരണസമിതിക്കും ആയിരിക്കും. അധികമായി നൽകുന്ന തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കുന്നതും, അപ്രകാരം ടി തുക ജീവനക്കാരിൽ നിന്നും ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട

ഭരണസമിതിയ്ക്കെതിരെ സർചാർജ്ജ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

8. കൺകറന്റ് ആഡിറ്റർ ഇല്ലാത്ത സ്ഥാപനങ്ങൾ തെറ്റായ കണക്കുകളുടെ അടിസ്ഥാനത്തിൽ ബോണസ് നൽകിയതായി ആഡിറ്റർ കണ്ടെത്തുകയാണെങ്കിൽ നിബന്ധന 7-ൽ നിഷ്കർഷിച്ചിരിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ക്ഷീരസഹകരണസംഘങ്ങളുടെ ബൈലായിൽ ജീവനക്കാർക്ക് ബോണസ് നൽകുന്നത് സംബന്ധിച്ച് എന്തുതന്നെ വ്യവസ്ഥ ചെയ്തിരുന്നാലും 1965-ലെ പേയ്മെന്റ് ഓഫ് ബോണസ് ആക്ടിലെയും, സൂചന സർക്കാർ ഉത്തരവിലെയും നിബന്ധനകൾക്ക് വിധേയമായി പരമാവധി ബോണസ് ഒന്നും, രണ്ടും, മൂന്നും നിബന്ധനകളിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിനേക്കാൾ അധികരിച്ച് നൽകാൻ പാടുള്ളതല്ല.
10. വിഭജിക്കാവുന്ന മിച്ചം (Allocable Surplus) കണക്കാക്കുന്നത് സംബന്ധിച്ച വിശദാംശം സഹകരണസംഘം രജിസ്ട്രാറുടെ വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടല്ലാതെ ക്ഷീരവികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ക്ഷീരസഹകരണ സംഘങ്ങൾ ജീവനക്കാർക്ക് ബോണസ് ആയോ മറ്റേതെങ്കിലും പേരിലോ യാതൊരുവിധ സംഖ്യയും അധികമായി നൽകുവാൻ പാടുള്ളതല്ല.

**ക്ഷീരവികസന വകുപ്പ് ഡയറക്ടർ/**
**ക്ഷീരസഹകരണസംഘം രജിസ്ട്രാർ**

Signed by
Asif K Yusuf
Date: 10-09-2024 14:07:14

**പകർപ്പ് -**

1. എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും – ഈ സർക്കുലറിലെ വിവരങ്ങൾ

ജില്ലയിലെ എല്ലാ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളെയും, ക്ഷീരവികസന ഓഫീസർമാരെയും, ഡയറിഫാം ഇൻസ്ട്രക്ടർമാരെയും അറിയിക്കേണ്ടതാണ്

2. ഡെപ്യൂട്ടി ഡയറക്ടർ. ആഡിറ്റ്, കെ.സി.എം.എം.എഫ്
3. മാനേജിംഗ് ഡയറക്ടർ, KCMMF/TRCMPU/ERCMPU/MRCMPU
4. ഈ ഓഫീസിലെ എല്ലാ ടെക്നിക്കൽ ഓഫീസർമാർക്കും
5. എല്ലാ ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾമാർക്കും - അറിവിനായി
6. സൂപ്രണ്ട്, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ
7. സൂപ്രണ്ട്- ജി, സി സെക്ഷനുകൾ
8. സി.1 / സി.2 സീറ്റ്
9. ഡയറി ഫം ഇൻസ്ട്രക്ടർ IT Cell- വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
10. ശേഖര സഞ്ചയം